# ഫ്രീഡം ഫെസ്റ്റ് 2023

"അറിവ് എല്ലാവരിലേക്കും എത്തട്ടെ" എന്ന സന്ദേശവുമായി ഓഗസ്റ്റ് 12 മുതൽ 15 വരെ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടക്കുന്ന ഫ്രീഡം ഫെസ്റ്റ് ആഘോഷത്തിന്റെ ഭാഗമായി മലമ്പുഴ ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തനതായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു.

9/ 8 *2023 ന് സ്വതന്ത്ര വിജ്ഞാനോത്സവത്തിന്റെ ഭാഗമായി സ്പെഷ്യൽ അസംബ്ലി കൂടുകയും സ്വതന്ത്ര വിജ്ഞാനോത്സവ സന്ദേശം ലിറ്റിൽ കൈറ്റ്സ് അംഗമായ വൈഷ്ണവി മറ്റുള്ളവർക്ക് നൽകുകയും ചെയ്തു. 10/* 8 /2023 *ന്* സ്വതന്ത്ര സോഫ്റ്റ്‌വെയർ ബോധവൽക്കരണ ക്ലാസ് കൈറ്റ് മിസ്ട്രസുമാരായ സിസ്ധു ടീച്ചർ ,വിദ്യ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് നൽകി. ഫ്രീഡം ഫെസ്റ്റ് പ്രചാരണത്തിന്റെ ഭാഗമായി ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മത്സരവും സ്കൂൾ ഐടി ലാബിൽ വച്ച് നടക്കുകയുണ്ടായി. അഞ്ജന യു വി, അലൻ, സഹീർ എന്നീ വിദ്യാർത്ഥികൾ മികച്ച പോസ്റ്ററുകൾ ഉണ്ടാക്കി സമ്മാനാർഹരായി.

11 /8 /2023 ന് സ്കൂളിൽ ഐടി കോർണർ പ്രദർശനം സംഘടിപ്പിച്ചു. രാവിലെ 11 മണിക്ക് പ്രദർശനം സ്കൂൾ പ്രഥമ അധ്യാപിക ശ്രീമതി കുഞ്ഞു ലക്ഷ്മി ടീച്ചർ ഉദ്ഘാടനം ചെയ്തു. സ്വതന്ത്ര സോഫ്റ്റ്‌വെയർ ,കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ആർഡിനോ ,റോബോട്ടിക്സ് ഉൽപ്പന്നങ്ങൾ , ഗെയിംസ് സോൺ മൊബൈൽ ആപ്പ് സോൺ ,ആനിമേഷൻ വീഡിയോകൾ തുടങ്ങിയവ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നു. സ്കൂളിലെ അധ്യാപകർ ,രക്ഷിതാക്കൾ തുടങ്ങിയവർക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതു കൊണ്ടുള്ള മെച്ചങ്ങൾ ബോധ്യപ്പെടുത്തി. പ്രദർശനം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു പുത്തൻ അനുഭവമായി.